Malappuram District Police

## 21/01/2018 വണ്ടൂർ

മോഷ്ടിച്ച മലഞ്ചരക്ക് സാധനങ്ങൾ വിൽപ്പന നടത്താൻ ശ്രമിക്കുന്നതിനിടെ മൂന്നുയുവാക്കള് പോലീസ് പിടിയിലായി. എടക്കര മില്ലുംപടിയിലെ തെക്കരത്തൊടിക മുഹമ്മദ് സാലിഹ്(23) ബാർബർമുക്ക് തവളക്കുഴിയില് സലിൻ തോമസ്(20), ചുങ്കത്തറ മണലി കടമല ജോബിൻ(19) എന്നിവരാണ് വണ്ടൂരിൽ പിടിയിലായത്.

വണ്ടൂർ പള്ളിക്കുന്നിലെ മലഞ്ചരക്ക് കടയില് മോഷ്ടിച്ച അടയ്ക്കയും റബർഷീറ്റും വിൽക്കാനായി എത്തിയപ്പോഴാണ് ഇവർ പിടിയിലായത്. സംസാരത്തിനിടെ വിൽപ്പനയ്ക്കായി കൊണ്ടുവന്ന സാധനങ്ങളെക്കുറിച്ച് യുവാക്കൾ വ്യത്യസ്ത രീതിയില് മറുപടി നൽകിയതാണ് പിടിയിലാകാന് കാരണം. കടയുടമ വിവരം നൽകിയതിനെത്തുടർന്ന് പോലീസെത്തി യുവാക്കളെ വിശദമായി ചോദ്യംചെയ്തതോടെ ഇവർ മോഷണം സമ്മതിക്കുകയായിരുന്നു.

മുമ്പ് എടക്കരഭാഗത്ത് ഇത്തരത്തിൽ നാല് ഇടങ്ങളിൽ മോഷണം നടത്തിയിട്ടുണ്ടെന്് ഇവര് സമ്മതിച്ചു. മോഷ്ടിച്ച 80 കിലോ റബർഷീറ്റ്, ചാക്കിലാക്കിയ 50 കിലോ അടയ്ക്ക എന്നിവയുമായി വാടകയ്ക്കെടുത്ത കാറിലാണ് പ്രതികള് വണ്ടൂരില് വിൽപ്പനയ്ക്കായി എത്തിയത്. പ്രതികൾ മുൻപ് നടത്തിയ മോഷണങ്ങളെക്കുറിച്ചും ഇതിനുപയോഗിക്കുന്ന വാഹനങ്ങളെക്കുറിച്ചും പോലീസിനു വിവരംലഭിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ വിവിധയിടങ്ങളില് ഒളിപ്പിച്ചു വെച്ചിരുന്ന മൂന്ന് അഡംബര കാറുകളും മൂന്ന് ബൈക്കുകളും പോലീസ് കണ്ടെടുത്തു.

ഇതിൽ സലില് തോമസും ജോബിനും പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ച കേസിൽ പ്രതികളാണ്. പെരിന്തൽമണ്ണ കോടതിയില് ഹാജരാക്കിയ പ്രതികളെ റിമാന്റ് ചെയ്തു.